**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5252 — 05.07.2012-ലെ മറുപടിയ്ക്ക്

**വിലക്കയറ്റം തടയാൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) അവശ്യസാധനങ്ങളുടെയും പച്ചക്കറികളുടെയും വിലക്കയറ്റം തടയാൻ സഹകരണ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സർക്കാരിന്റെ പൊതു വിപണി ഇടപെടൽ സംരംഭങ്ങളുടെ ഭാഗമായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ സബ്സിഡി നൽകി വിപണനം നടത്തി വരുന്നു. സഹകരണ മേഖലയിലൂടെ സർക്കാർ നടത്തിയ ഈ നടപടി പൊതു വിപണിയിൽ ഉണ്ടാകുമായിരുന്ന വിലക്കയറ്റവും കൃത്രിമ ക്ഷാമവും നിയന്ത്രിക്കുന്നതിന് ഫലപ്രദമായ പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും, പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിലൂടെയും ആവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. പച്ചക്കറിയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡിന്റെ 164 പച്ചക്കറി ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ ഇതിനോടകം തുറന്നിട്ടുണ്ട്. വിവിധ |

| | | | |
|---|---|---|---|
| | | | ഇനം പച്ചക്കറി സാധനങ്ങൾ കമ്പോള വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നു. |
| (ബി) | ഹോട്ടലുകളിലെ അമിതമായ വിലവർദ്ധനവ് തടയാൻ സഹകരണ വകുപ്പിന്റെ കീഴിൽ ന്യായവില ഹോട്ടലുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ? | (ബി) | ന്യായവില ഹോട്ടൽ എന്ന പേരിൽ ഹോട്ടലുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ